(സി) വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ ഹൈറാർക്കിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉദ്യോഗസ്ഥരിൽ അധികാരകേന്ദ്രീകരണം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശേഷാൽ ചട്ടങ്ങളും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരമാണ് ഉദ്യോഗസ്ഥരുടെ വിന്യാസവും ചുമതലകളുമുണ്ടാവുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുത്ത സമിതികൾക്കാണ് ഭരണാധികാരം.

(ഡി) തദ്ദേശാധ്യക്ഷൻമാർക്ക് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുമായി നേരിട്ടും കൂടുതൽ ഫലവത്തായും ഇടപെടുന്നതിന് തദ്ദേശപൊതുസർവ്വീസ് ഏതു തരത്തിലാണ് സഹായിക്കുകയെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലായിത്തീരുന്നതോടെ എല്ലാ തദ്ദേശസ്ഥാപന അധ്യക്ഷന്മാർക്കും ഇവരുമായി വകുപ്പ് ഭേദമില്ലാതെ ഇടപ്പെടാൻ കഴിയുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പരപൂരകത്വം ഉറപ്പാക്കാനും കഴിയും.

പഠനമുറി നിർമ്മാണ ധനസഹായം

372 (5097) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പഠനമുറി നിർമ്മാണം എന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ, പട്ടികജാതി വികസന വകുപ്പിന്റെ 30-12-2017 -ലെ സ.ഉ.(പി) നമ്പർ 13/2017/പജപവവിവ. എന്ന ഉത്തരവിലൂടെ നടപ്പിലാക്കുന്ന സമാനപദ്ധതിയുടെ മാനദണ്ഡങ്ങളുടേതിന് തുല്യമാക്കി, 15%+30%+40%+15% എന്ന ക്രമത്തിൽ പഠനമുറി ധനസഹായം അനുവദിക്കുന്നതിന്, നിലവിലുള്ള മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

14-2-2018-ലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ ഉത്തരവുപ്രകാരമുള്ള ജനകീയാസൂത്രണ മാർഗ്ഗരേഖയനുസരിച്ച് 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാൻ ആകെ 2.00 ലക്ഷം രൂപ വരെ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടായിരുന്നു. 50,000 രൂപ മുൻകൂറായി നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിനാണ് ഇതുപ്രകാരം അനുമതി നൽകിയിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടപ്രകാരം 6-12-2019 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം ഇത് 3 ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകി. ഇതുപ്രകാരം ആദ്യ ഗഡുവായി 50,000 രൂപയും ശേഷിക്കുന്ന തുക 75,000 രൂപയുടെ രണ്ട് ഗഡുക്കളായും നൽകാം. ആദ്യ ഗഡു തുക ഉപയോഗിച്ച് നിർമ്മാണം നടത്തിയതിനുശേഷം അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 75,000 രൂപയും ശേഷിക്കുന്ന തുക പാനമുറി പൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാമെന്നാണ് 28-1-2020-ലെ സ.ഉ.(സാധാ)നമ്പർ 221/2020/തസ്വഭവ. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സ്കീം പ്രകാരം ആദ്യ രണ്ടു ഗഡുക്കളിലൂടെ 90,000 രൂപ ലഭിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സ്കീമിലൂടെ രണ്ട് ഗഡുക്കളായി 1,25,000 രൂപ ലഭിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പാനമുറി നിർമ്മിക്കുന്നതിന്, പട്ടികജാതി വികസന വകുപ്പിലെന്ന പോലെ നാല് ഗഡുക്കളായി തുക അനുവദിക്കുന്നതിനുള്ള സാധ്യത പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതാണ്.

സി.എം.എൽ.ആർ.ആർ.പി.

373 (5098) ശ്രീ. കെ. പ്രേംകുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം തകർന്നു പോയ റോഡുകൾ റീടാറിങ് ചെയ്യുന്നതിനനുവദിച്ച ഫണ്ടുപയോഗിച്ച് ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികൾ വീണ്ടും ടെൻഡർ ക്ഷണിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തടസ്സമില്ല.

1. ടെണ്ടർ ക്ഷണിച്ച് ആരും പ്രതികരിച്ചിട്ടില്ല എങ്കിൽ റീ-ടെണ്ടർ ക്ഷണിക്കാവുന്നതാണ്.

2. കരാർ ഉറപ്പിച്ച പ്രവൃത്തികളുടെ വിഷയത്തിൽ പൊതുമരാമത്ത് മാന്വൽ ക്ലോസ് 2116 പ്രകാരം നടപടികൾ സ്വീകരിച്ച് റീ-ടെണ്ടർ ക്ഷണിക്കാവുന്നതാണ്.